**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് — പാലക്കാട് ജില്ലയിലെ മണ്ണൂർ ഗ്രാമപഞ്ചായത്തിന്റെ 2007-08 വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക 3(3),(3.9) - സാധൂകരണാപേക്ഷ - നിരസിച്ച ഉത്തരവ് - അപ്പീൽ നിരസിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

## തദ്ദേശ സ്വയംഭരണ (എ ബി) വകുപ്പ്

സ.ഉ (സാ.ധാ) നം. 2763/16/തസ്വഭവ. തിരുവനന്തപുരം,തീയതി:29/09/2016

പരാമർശം:- 1) 13/01/2016-ലെ സ.ഉ (സാധാ) നം. 136//2016/തസ്വഭവ നമ്പർ ഉത്തരവ്
2) ശ്രീമതി കെ.എം. സൈനബ മുൻ തദ്ദേശ സ്വയംഭരണവും സാമൂഹിക നീതി വകുപ്പ് മന്ത്രിക്ക് സമർപ്പിച്ച ഹരജി
3) കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 25/09/2015-ലെ എൽ.എഫ്. 10865/പിറ്റി2/015 നമ്പർ കത്ത്

## ഉത്തരവ്

പാലക്കാട് ജില്ലയിലെ മണ്ണൂർ ഗ്രാമപഞ്ചായത്ത് 2007-08, 2008-09 വർഷങ്ങളിൽ നടപ്പിലാക്കിയ പദ്ധതികളുടെ ലോക്കൽ ഫണ്ട് ആഡിറ്റ് റിപ്പോർട്ട് ഖണ്ഡിക 3(3), 3(4), 3(5), 3(9) എന്നിവ പ്രകാരം 6,78,073/-(79,485+1,99,999+1,98,589+2,00,000)രൂപയുടെ ചെലവ് തടസ്സപ്പെടുത്തി യിരുന്നു. ടി ചെലവുകളുടെ സാധൂകരണത്തിനായി സമർപ്പിച്ച അപേക്ഷ പരിശോധിച്ച്, 2007-08 വർഷത്തെ ആഡിറ്റ് റിപ്പോർട്ട് ഖണ്ഡിക 3(3) പ്രകാരം പദ്ധതി ആസൂത്രണ മാർഗ്ഗരേഖയ്ക്ക് വിരുദ്ധമായി വൃദ്ധർക്ക് കമ്പിളി, വടി, കട്ടിൽ എന്നിവയ്ക്കായി ചെലവഴിച്ച 79,485/-രൂപയും 2008-09 വർഷത്തെ ഓഡിറ്റ് ഖണ്ഡിക 3(9) പ്രകാരം എസ്.സി വൃദ്ധർക്ക് കട്ടിൽ, പുതപ്പ് എന്നിവയ്ക്കായി വികസന ഫണ്ടിൽ നിന്നും ചെലവഴിച്ച 2,00,000/-രൂപയും ഉൾപ്പെടെ 2,79,485/-രൂപയുടെ സാധൂകരണ അപേക്ഷ നിരസിച്ച കൊണ്ടും ആശ്രയ പദ്ധതി പ്രകാരം പാകം ചെയ്ത ഭക്ഷണസാധനങ്ങളുടെ അനുവദനീയമായതിനാൽ ടി പദ്ധതികൾക്കായി ചെലവഴിച്ച 3,98,588/-രൂപയുടെ ചെലവ് സാധൂകരിച്ചുകൊണ്ടും പരാമർശം (1)ലെ 13/01/2016-ലെ സ.ഉ (സാധാ) നം. 136/2016/തസ്വഭവ പ്രകാരം ഉത്തരവായിരുന്നു.

ടി ഉത്തരവ് പുന:പരിശോധിക്കണമെന്നാവശ്യപ്പെട്ട് ടി പദ്ധതികളുടെ നിർവ്വഹണ ഉദ്യോഗസ്ഥയായിരുന്ന ഐ.സി.ഡി.എസ് സൂപ്പർവൈസർ ശ്രീമതി.സലീനയുടെ മാതാവ് ശ്രീമതി. സൈനബ പരാമർശം 2 പ്രകാരം അപേക്ഷ സമർപ്പിച്ചിട്ടുണ്ട്.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. സർക്കാർ മാർഗ്ഗ നിർദ്ദേശ പ്രകാരം കട്ടിൽ, പുതപ്പ, വടി തുടങ്ങിയവയുടെ വിതരണം അനുവദനീയമല്ലാത്തതിനാലും ടി ചെലവ് വികസനഫണ്ടിൽ നിന്നും കണ്ടെത്തിയതിനാലുമാണ് പ്രസ്തുത പദ്ധതികൾക്ക് ചെലവഴിച്ച തുക ലോക്കൽ ഫണ്ട് ആഡിറ്റ് തടസ്സപ്പെടുത്തിയത്.മാനദണ്ഡങ്ങൾ ലംഘിച്ച് പദ്ധതി

നിർവ്വഹണം നടത്തുന്നതിലൂടെ ഉണ്ടാകുന്ന ചെലവുകൾ അംഗീകരിച്ചാൽ അത് തെറ്റായ കീഴ് വഴക്കം സൃഷ്ടിക്കുമെന്നുമെന്നതിനാൽ വികസന ഫണ്ട് വിനിയോഗിച്ചുകൊണ്ടുള്ള അത്തരം നടപടികൾ പ്രോൽസാഹിപ്പിക്കേണ്ടതില്ലെന്ന് സർക്കാർ തീരുമാനിച്ചതിന്റെ അടിസ്ഥാനത്തിൽ പരാമർശം (2) പ്രകാരമുള്ള അപേക്ഷ നിരസിച്ചുകൊണ്ട് ഉത്തരവാകുന്നു.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം,

ഷിബു.എ.ടി,
അണ്ടർ സെക്രട്ടറി.

ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടർ, തിരുവനന്തപുരം
ലോക്കൽ ഫണ്ട് ഓഡിറ്റ് ഡെപ്യൂട്ടി ഡയറക്ടർ, പാലക്കാട്
പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, പാലക്കാട്
പ്രസിഡന്റ്, മണ്ണൂർ ഗ്രാമ പഞ്ചായത്ത്,പാലക്കാട്
ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം (സർക്കാർ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)
വെബ് & ന്യൂ മീഡിയ
സ്റ്റോക്ക് ഫയൽ, ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം,

സെക്ഷൻ ഓഫീസർ